**കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ**

കെ.പി.എഫ്.സി. ഭവനം, സി.വി.രാമൻപിള്ള റോഡ്, വെള്ളയമ്പലം, തിരുവനന്തപുരം-10

ഫോൺ: (0471) 2735544, ഫാക്സ്: (0471) 2735599 ഇ-മെയിൽ:kserc@erckerala.org വെബ്സൈറ്റ്: www.erckerala.org


തിരുവനന്തപുരം **പത്രക്കുറിപ്പ്** 2011 ഫെബ്രുവരി 21

# സി.ജി.ആർ.എഫ് അംഗങ്ങൾക്കായി റെഗുലേറ്ററി കമ്മീഷൻ ശില്പശാല സംഘടിപ്പിക്കുന്നു.

സംസ്ഥാനത്തെ വൈദ്യുതി വിതരണ ലൈസൻസികൾ 2003 ലെ വൈദ്യുതി നിയമത്തിന് വിധേയമായി രൂപീകരിച്ചിട്ടുള്ള ഉപഭോക്തൃ പരാതി പരിഹാര ഫോറങ്ങളിലെ (കൺസ്യൂമർ ഗ്രീവൻസ് റിഡ്രസ്സൽ ഫോറം -സി.ജി.ആർ.എഫ്) അദ്ധ്യക്ഷന്മാർക്കും അംഗങ്ങൾക്കുമായി സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മിഷൻ ഏകദിന ശില്പശാല സംഘടിപ്പിക്കുന്നു. 2011 ഫെബ്രുവരി 24 ന് രാവിലെ 9.00 മണിക്ക് കൊച്ചി മരടിലെ വൈറ്റ് ഫോർട്ട് ഹോട്ടലിലാണ് ശില്പശാല

2003 ലെ വൈദ്യുതി നിയമം (ഡോ:ബി.ജയശങ്കർ, സീനിയർ എക്കണോമിക് അനലിസ്റ്റ്, കെ.എസ്.ഇ.ആർ.സി), സി.ജി.ആർ.എഫ് - വൈദ്യുതി ഓംബുഡ്സ്മാൻ റെഗുലേഷനും വൈദ്യുതി വിതരണ ചട്ടങ്ങളും അനുബന്ധ വിഷയങ്ങളും (സി.കെ.ജയചന്ദ്രൻ, താരിഫ് കൺസൽട്ടന്റ്, കെ.എസ്.ഇ.ആർ.സി), വൈദ്യുതി വിതരണ ചട്ടങ്ങളും വ്യവസ്ഥകളും (ബി.അമ്പിളി, ഡെപ്യൂട്ടി ഡയറക്ടർ, കെ.എസ്.ഇ.ആർ.സി), ലൈസൻസികളുടെ സേവന നിലവാരവും ഉപഭോക്താക്കളുടെ അവകാശങ്ങളും (ജെ.സുധാകരൻനായർ, മുൻ കൺസൽട്ടന്റ്, കിൻഫ്ര), പരാതി പരിഹാരം: സാമാന്യ നീതിയും തത്വങ്ങളും, നടപടിക്രമങ്ങളും നിയമവശങ്ങളും (അഡ്വ:ജോർജ്ജ് ജെയിംസ്, കൺസൽട്ടന്റ് ലീഗൽ, കെ.എസ്.ഇ.ആർ.സി) എന്നീ വിഷയങ്ങളാണ് ശില്പശാലയിൽ ചർച്ച ചെയ്യുക.

കമ്മീഷൻ ചെയർമാൻ കെ.ജെ.മാത്യു, അംഗങ്ങളായ പി.പരമേശ്വരൻ, മാത്യു ജോർജ്ജ്, സെക്രട്ടറി കെ.എസ്.പ്രേമചന്ദ്രകുറുപ്പ്, കംപ്ലയൻസ് എക്സാമിനർ ജോൺസൺ ജേക്കബ് എന്നിവരും ശില്പശാലയിൽ സംബന്ധിക്കും.

സംസ്ഥാന വൈദ്യുതി ബോർഡ് ഉൾപ്പെടെയുള്ള വിതരണ ലൈസൻസികളുടെ പ്രവർത്തനം സംബന്ധിച്ച്, ഉദ്യോഗസ്ഥതലത്തിൽ പരിഹാരമാകാത്ത ഉപഭോക്താക്കളുടെ പരാതികൾ സമർപ്പിക്കാനായി രൂപീകരിച്ചിട്ടുള്ള സംവിധാനമാണ് സി.ജി.ആർ.എഫ്. സി.ജി.ആർ.എഫിന്റെ തീരുമാനം തൃപ്തികരമല്ലെങ്കിൽ ഉപഭോക്താക്കൾക്ക് ഓംബുഡ്സ്മാന് പരാതി നൽകാം.

**സെക്രട്ടറി**

KSERC/PR/04/2011